**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 185** **07-10-2024 - ൽ മറുപടിയ്ക്ക്**

**ആർദ്രം മിഷൻ രണ്ടാം ഘട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആർദ്രം മിഷൻ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ളവരുടെ അടിസ്ഥാന ആരോഗ്യ വിവരങ്ങൾ ശേഖരിക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ; | (എ) | ആർദ്രം മിഷന്റ ഭാഗമായി മുപ്പത് വയസ്സിനു മുകളിൽ പ്രായമുള്ള വ്യക്തികളുടെ ജീവിതശൈലീ രോഗങ്ങളുമായി ബന്ധപ്പെട്ട ആരോഗ്യ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ജനസംഖ്യാധിഷ്ഠിത ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതി ആദ്യഘട്ടം പൂർത്തിയാക്കി. വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാംഘട്ടം സംസ്ഥാനത്ത് ജൂൺ 2024 മുതൽ ആരംഭിക്കുകയുണ്ടായി. ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്ത ശൈലി എന്ന ആപ്ലിക്കേഷനിലൂടെ സംസ്ഥാനത്തെ 30 വയസ്സിനുമുകളിൽ പ്രായമുള്ള 1,77,30,149 പേരെയാണ് ഈ പദ്ധതിയിലൂടെ സർവ്വേ ചെയ്യാൻ ഉദ്ദേശിക്കുന്നത്. അതിൽ 32,98,122 പേരുടെ സർവ്വേ ഇതിനോടകം പൂർത്തിയായിട്ടുണ്ട്. അതിൽ 15,88,427 പേർക്ക് ജീവിതശൈലീ രോഗങ്ങളുണ്ടാകുന്നതിനുള്ള റിസ്ക്ഫാക്ടർ അഥവാ ഹേതുക്കൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. 77,357 പേർക്ക് ക്യാൻസർ രോഗ സാധ്യതയും, 1,07,012 പേർക്ക് ടി.ബി രോഗത്തിനുള്ള സാധ്യതയും, 1,44,481 പേർക്ക് ശ്വാസകോശ രോഗ സാധ്യതയും കണ്ടെത്തിയിട്ടുണ്ട്. 4,30,011 പേർക്ക് രക്താതിമർദ്ദം ഉള്ളതായും 2,86,003 പേർക്ക് പ്രമേഹ രോഗമുള്ളതായും, 1,69,746 പേർക്ക് പ്രമേഹവും രക്താതിമർദ്ദമുള്ളതായും കണ്ടെത്തിയട്ടുണ്ട്. ഈ സർവ്വേ സംസ്ഥാനത്തെ 14 ജില്ലകളിലും ആശാ പ്രവർത്തകരുടെ സഹായത്തോടുകൂടി നടന്നുവരുന്നുണ്ട്. സർവ്വേ നടത്തപ്പെടുന്ന ജനങ്ങളുടെ സ്ക്രീനിംഗ് അതാത് ജനകീയാരോഗ്യ കേന്ദ്രങ്ങളിൽ വച്ച് ജെ പി എച്ച് എൻ, ജെ എച്ച് ഐ, എം എൽ എസ് പി എന്നിവരുടെ സഹായത്തോടുകൂടിയും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ വച്ച് മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നഴ്സ് എന്നിവരുടെ സഹായത്തോടുകൂടിയും നടന്നു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത വിവര ശേഖരണത്തിനായി ഏത് വിഭാഗം ജീവനക്കാരെയാണ് നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | ഗൃഹസന്ദർശനം നടത്തി 'ശൈലീ' എന്ന ആൻഡ്രോയിഡ് മൊബൈൽ ആപ്ലിക്കേഷനിലൂടെ ജീവിതശൈലീ രോഗങ്ങളെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനായി ആശാപ്രവർത്തകരെയാണ് നിയോഗിച്ചിരുന്നത്. ഓരോ ആശയും അവരുടെ അധികാര പരിധിയിലുള്ള വീടുകളിലെ വ്യക്തികളുടെ വിവരശേഖരണമാണ് നടത്തിയിരുന്നത്. ആശാ ജനകീയാരോഗ്യകേന്ദ്രത്തിലുള്ള പ്രവർത്തകർ റഫർ ചെയ്യുന്ന രോഗികളെ ജെ പി എച്ച് എൻ, ജെ എച്ച് ഐ, എം എൽ എസ് പി എന്നിവരും, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലുള്ള മെഡിക്കൽ ഓഫീസറിന്റെ നേതൃത്വത്തിലുള്ള ആരോഗ്യപ്രവർത്തകരുമാണ് തുടർ പരിശോധനകൾ നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ